<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3767</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ് ഗവ. യു.പി.എസ്.-ലെ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക പരിമിതമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി പ്രസ്തുത സ്റ്റേഡിയം പൂർത്തികരിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | **ഉണ്ട്. ഭരണിക്കാവ് ഗവ.യു.പി.എസ് ഗ്രൗണ്ട് സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 1 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഭരണാനുമതിയും 93.58 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ടി പ്രവൃത്തിയ്ക്ക് വേണ്ടി ശ്രീ.അസ്ബാർ വഫാ റ്റി.കെ എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടുകയും ചെയ്തു. 6 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.**<br><br>• **ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ വോളീബോൾ കോർട്ടും അനുബന്ധ സൗകര്യങ്ങളുമാണ് നടപ്പിലാക്കുന്നത്. നിലവിലെ സ്ഥിതിയനുസരിച്ച് പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ വോളീബോൾ കോർട്ടിന്റെ ഫ്ലോറിംഗ് ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.**<br>• **എല്ലാവിധ സൗകര്യങ്ങളോടും കൂടി സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കോമ്പൗണ്ട് വാൾ, ചെയ്ഞ്ച് റൂം, സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ചുറ്റും മണ്ണിട്ട് നിരപ്പാക്കൽ, ഇന്റർലോക്ക് പാകുക, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ കൂടി നിർമ്മിക്കേണ്ടതുണ്ട്. ആയതിലേക്കായി 58 ലക്ഷം രൂപ കൂടി അധികമായി വരുന്നുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.**<br><br>**പ്രസ്തുത സ്റ്റേഡിയം നിർമ്മാണം പൂർത്തിയാകുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് അറിയിച്ചുകൊണ്ട് ബഹു.എം.എൽ.എ നൽകിയ കത്തിന്മേൽ A3/58/2023/SYA നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും ഇത് സംബന്ധിച്ച കായിക** |

| | | | |
|---|---|---|---|
| | | | **യുവജനകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്** |

സെക്ഷൻ ഓഫീസർ